പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1876 — 19.06.2012-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണം

**ചോദ്യം**

ശ്രീ. കെ. അജിത് :

(എ) വൈദ്യുതി ബോർഡിനെ കമ്പനിയാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ 1956 ലെ ഇൻഡ്യൻ കമ്പനി നിയമത്തിൻ കീഴിൽ പൊതു മേഖലയിലുള്ള ഒരു കമ്പനിയായി പുന:സംഘടിപ്പിക്കുന്നതിന് 25-08-2008ലെ 29/08/പി.ഡി നമ്പർ ഉത്തരവിലൂടെ സർക്കാർ തീരുമാനമെടുക്കുകയുണ്ടായി. തുടർന്ന് 25-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 37/2008/ഊ.വ പ്രകാരം കെ. എസ്. ഇ. ബിയുടെ ആസ്തി ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കി ക്കൊണ്ട് കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008 പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ആസ്തി ബാദ്ധ്യതകൾ പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതു വരെ, വൈദ്യുതി ബോർഡിൻെറ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് 26-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 38/08/ഊ.വ പ്രകാരം ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആസ്തി ബാദ്ധ്യതകൾ ഇൻഡ്യൻ കമ്പനി നിയമത്തിനു കീഴിൽ രൂപീകരിക്കുന്ന കമ്പനിയിലേക്ക് 30-09-2009 നു മുമ്പ് പുനർനിക്ഷിപ്തമാക്കണമെന്നാണ് ഫസ്റ്റ് ട്രാൻസ്ഫർ സ്കീമിൻെറ ഖണ്ഡിക 6(1) അനുശാസിച്ചിരുന്നത്. ഇതിനായുള്ള നടപടിയുടെ ഭാഗമായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി 14-01-2011ന് രജി

സ്റ്റർ ചെയ്തു. സംസ്ഥാന വൈദ്യുതി ബോർഡിൻെറ ആസ്തി-ബാദ്ധ്യതകളെയും ജീവനക്കാരെയും പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) കമ്പനിവൽക്കരണത്തിലൂടെ മറ്റു സംസ്ഥാനങ്ങൾക്കുണ്ടായ ഗുണദോഷങ്ങൾ പരിശോധിക്കുമോ;

(ബി) ഇതു സംബന്ധിച്ച് മറ്റു സംസ്ഥാനങ്ങളിലെ അനുഭവ പാഠങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ടായിരിക്കും തുടർനടപടികൾ സ്വീകരിക്കുക.

(സി) ഗുജറാത്ത് വൈദ്യുതി ബോർഡിനെ കമ്പനിയാക്കിയപ്പോൾ ട്രാൻസ്ഫർ സ്കീമിന് ഗുജറാത്ത് നിയമസഭ നിയമനിർമ്മാണം നടത്തി രാഷ്ട്രപതിയുടെ അംഗീകാരം വാങ്ങിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ സർക്കാർ ഉത്തരവിലൂടെ കമ്പനിയാക്കുന്നതിന് പകരം നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മുൻ സംസ്ഥാന വൈദ്യുതി ബോർഡിൻെറ ആസ്തി ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 25-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 37/08/ഊ.വ പ്രകാരം വിജ്ഞാപനം ചെയ്ത കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008-ൽ സംസ്ഥാന വൈദ്യുതി ബോർഡിൻെറ ആസ്തി ബാദ്ധ്യതകളെയും ജീവനക്കാരേയും പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള വ്യവസ്ഥകൾ നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇവയ്ക്ക് അനുസൃതമായി കേരള ഇലക്ട്രിസിറ്റി സെക്കൻറ് ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്) വിജ്ഞാപനം ചെയ്യുക എന്നത് സർക്കാരിൻെറ നിയമ പരമായ ബാദ്ധ്യതയാണ്. ആയത് പുറപ്പെടുവിക്കുന്നതോടുകൂടി 2003-ലെ ഇലക്ട്രിസിറ്റി ആക്ട്, 2008-ലെ ഒന്നാം ട്രാൻസ്ഫർ സ്കീം എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരമുള്ള വൈദ്യുതി ബോർഡിൻെറ പുന:സംഘടന സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തീകരിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ നിയമ നിർമ്മാണത്തിൻെറ ആവശ്യകതയില്ല.

(ഇ) സംസ്ഥാന വൈദ്യുതി ബോർഡിനെ കമ്പനിവത്ക്കരിക്കുന്നത് നിയമനിർമ്മാണത്തിലൂടെ ആകണമെന്ന

(ഇ) സംസ്ഥാന വൈദ്യുതി ബോർഡിനെ കമ്പനിയാക്കി പുന:സംഘടിപ്പിക്കുന്നത് നിയമനിർമ്മാണത്തിലൂടെ

| | | | |
|---|---|---|---|
| | വൈദ്യുതി ബോർഡ് ജീവനക്കാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ആവണമെന്ന് ജീവനക്കാരുടെ ചില സംഘടനകൾ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. |
| (എഫ്) | ഇക്കാര്യത്തിൽ ജീവനക്കാർക്കുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) & (ജി) | ഉണ്ട്. ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശങ്കകൾ പരിഗണിച്ചു കൊണ്ടായിരിക്കും വൈദ്യുതി ബോർഡിൻെറ പുന:സംഘടനാ നടപടികൾ പൂർത്തിയാക്കുക. |
| (ജി) | കമ്പനിവത്ക്കരണ നടപടികൾ സംബന്ധിച്ച് ബോർഡിലെ പെൻഷൻകാരുടെ ആശങ്കകൾ പരിഹരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ.